ജൂൺ 10, 2019

പ്രസ്സ് റിലീസ്

(എല്ലാ എഡിഷനിലും വരുംവിധം പ്രസിദ്ധീകരിക്കുവാൻ താല്പര്യപ്പെടുന്നു.)

# കേരള ലളിതകലാ അക്കാദമി 2018-19ലെ ഫോട്ടോഗ്രാഫി, കാർട്ടൂൺ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു.

കേരള ലളിതകലാ അക്കാദമിയുടെ ഈ വർഷത്തെ ഫോട്ടോഗ്രാഫി, കാർട്ടൂൺ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു.

ഫോട്ടോഗ്രാഫി, കാർട്ടൂൺ വിഭാഗത്തിന് 50,000/- രൂപയും പ്രശസ്തി പത്രവും മെമന്റോയും ഉൾപ്പെടുന്ന ഓരോ സംസ്ഥാന മുഖ്യപുരസ്കാരവും, 25,000/- രൂപയും പ്രശസ്തിപത്രവും മെമന്റോയും അടങ്ങുന്ന രണ്ട് വീതം ഓണറബിൾ മെൻഷൻ പുരസ്കാരങ്ങളുമാണ് നല്കുന്നത്.

ഈ വർഷത്തെ സംസ്ഥാന ഫോട്ടോഗ്രാഫി പ്രദർശനത്തിൽ പങ്കെടുക്കുവാനും പുരസ്കാരത്തിനുമായി ആകെ 239 അപേക്ഷകൾ ലഭിച്ചു. പ്രാഥമിക മൂല്യനിർണ്ണയത്തിൽ സംസ്ഥാന പ്രദർശനത്തിന് 139 പേരുടെ സൃഷ്ടികൾ തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത കലാകാരന്മാരിൽ 135 കലാകാരന്മാരുടെ ഫോട്ടോഗ്രാഫുകൾ സംസ്ഥാനപുരസ്കാര പരിഗണനക്കായി ലഭിച്ചു. ഡോ. ദീപക് ജോൺ മാത്യു, ഹരിഹരൻ സുബ്രഹ്മണ്യൻ, സക്കറിയ പൊൻകുന്നം എന്നിവരടങ്ങിയ ജൂറികമ്മിറ്റിയാണ് പുരസ്കാരജേതാക്കളെ തെരഞ്ഞെടുത്തത്.

ഈ വർഷത്തെ സംസ്ഥാന കാർട്ടൂൺ പ്രദർശനത്തിൽ പങ്കെടുക്കുവാനും പുരസ്കാരത്തിനുമായി ആകെ 29 അപേക്ഷകൾ ലഭിച്ചു. പ്രാഥമിക മൂല്യനിർണ്ണയത്തിൽ സംസ്ഥാന പ്രദർശനത്തിന് 22 പേരുടെ സൃഷ്ടികൾ തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത എല്ലാ കലാകാരന്മാരുടെയും കാർട്ടൂണുകൾ പ്രദർശനത്തിന് ലഭിച്ചിട്ടുണ്ട്. പി.വി. കൃഷ്ണൻ, സുകുമാർ, മധു ഓമല്ലൂർ എന്നിവരടങ്ങിയ ജൂറികമ്മിറ്റിയാണ് പുരസ്കാര ജേതാക്കളെ തെരഞ്ഞെടുത്തത്.

## ഫോട്ടോഗ്രാഫി സംസ്ഥാന പുരസ്കാരം

### മുഹമ്മദ് സാഫി

മലപ്പുറം ജില്ലയിലെ മൂക്കുത്തലയിൽ 1976ൽ ആണ് മുഹമ്മദ് സാഫിയുടെ ജനനം. 2007ലും 2014ലും കേരള ലളിതകലാ അക്കാദമിയുടെ ഓണറബിൾ മെൻഷൻ പുരസ്കാരം ലഭിച്ചിട്ടുള്ള അദ്ദേഹത്തിന് 2004ൽ കോണിക്ക മിനോൾട്ട ട്രാവൽ ഫോട്ടോഗ്രാഫർ ഓഫ് ദ ഇയർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ആകെ പതിമൂന്നോളം അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 'ആവിഷ്കാർ' എന്ന പേരിൽ 2006 മുതൽ അക്കാദമിയുടെ തൃശൂർ ആർട്ട് ഗ്യാലറിയിൽ ഗ്രൂപ്പ് ഫോട്ടോഗ്രാഫി പ്രദർശനത്തിൽ പങ്കെടുക്കുന്ന അദ്ദേഹം ഇപ്സൺ കമ്പനി ജപ്പാനിൽ സംഘടിപ്പിക്കുന്ന കളർ ഇമേജിങ് ഫോട്ടോഗ്രാഫി പ്രദർശനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുണ്ട്. പതിനഞ്ച് വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് മുഹമ്മദ് സാഫി ഈ പ്രദർശനത്തിൽ പങ്കെടുത്തിരുന്നത് എന്നതും ഒരു പ്രത്യേകതയാണ്. 2003ന് ശേഷം ഏകദേശം എഴുപതോളം കലാപ്രദർശനങ്ങളിൽ രാജ്യത്ത് വിവിധ ദേശങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. **'ഡെഡ്ലി ലൈൻസ്'** എന്ന ഫോട്ടോഗ്രാഫിനാണ് ഇക്കുറി സംസ്ഥാന പുരസ്കാരം ലഭിച്ചത്.

## കാർട്ടൂൺ സംസ്ഥാന പുരസ്കാരം

**സുഭാഷ് കെ.കെ.**

1973ൽ കോട്ടയത്തുള്ള ചെങ്ങളം സൗത്ത് കരയിലാണ് സുഭാഷിന്റെ ജനനം. കെ.എസ്.എസ്. സ്ക്കൂൾ ഓഫ് ആർട്സിൽ ചിത്രകലാ പഠനം പൂർത്തിയാക്കിയ അദ്ദേഹം നിരവധി ആനുകാലികങ്ങളിൽ ഫ്രീലാൻസ് ആയി ചിത്രങ്ങൾ വരച്ചു. ഓയിൽ, വാട്ടർ കളർ രചനയിൽ പ്രാവീണ്യം നേടിയിട്ടുള്ള അദ്ദേഹം കഴിഞ്ഞ 17 വർഷമായി കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ എന്നിവ ചെയ്തു വരുന്നു. ഇപ്പോൾ കേരളം ശബ്ദം ഗ്രൂപ്പ് പ്രസിദ്ധീകരണങ്ങളിൽ ജോലി ചെയ്തു വരുന്നു. 2012ൽ കേരള കാർട്ടൂൺ അക്കാദമിയുടെ കെ.എസ്. പിള്ള അവാർഡും 2018ൽ രാംദാസ് വൈദ്യർ സ്റ്റേറ്റ് അവാർഡും നേടിയിട്ടുണ്ട്. **'വിശ്വാസം രക്ഷതി'** എന്ന കാർട്ടൂണിനാണ് പുരസ്കാരം ലഭിച്ചത്.

## ഫോട്ടോഗ്രാഫി ഓണറബിൾ മെൻഷൻ പുരസ്കാരം

**1. അനൂപ് കൃഷ്ണ**

തൃശൂരിലെ കുറ്റൂരിലാണ് അനൂപ് കൃഷ്ണയുടെ ജനനം. ഇരുപതിലധികം പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള അദ്ദേഹം ധാരാളം യാത്രകൾ ചെയ്യുകയും ദേശീയവും അന്തർദ്ദേശീയവുമായ നിരവധി ഫോട്ടോ എക്സിബിഷനുകളിലും മത്സരങ്ങളിലും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഡിജെ മെമ്മോറിയൽ ഇന്റർനാഷണൽ ഫോട്ടോഗ്രാഫി മെറിറ്റ് അവാർഡ്, 2018-ലെ ഐവിൻ ഇന്റർനാഷണൽ അവാർഡ് തുടങ്ങിയവ അദ്ദേഹത്തിന് ലഭിച്ച പുരസ്കാരങ്ങളാണ്. **'ഗോ ബാക്ക് ടു ദ പ്രിമിറ്റീവ് വേൾഡ്'** എന്ന ഫോട്ടോയ്ക്കാണ് പുരസ്കാരം ലഭിച്ചത്.

**2. ലിഷോയ് നാരായണൻ**

തൃശൂർ ജില്ലയിലെ പെരിങ്ങോട്ടുകര സ്വദേശിയായ ലിഷോയ് നാരായണൻ കഴിഞ്ഞ 12 വർഷമായി ഫ്രീലാൻസ് പ്രൊഫഷണൽ ഫോട്ടോഗ്രാഫറായി ജോലി ചെയ്യുന്നു. ലിഷോയ് നാരായണന്റെ **'പ്രളയം'** എന്ന ഫോട്ടോഗ്രാഫാണ് അദ്ദേഹത്തിനെ പുരസ്കാരത്തിന് അർഹനാക്കിയത്.

## കാർട്ടൂൺ ഓണറബിൾ മെൻഷൻ പുരസ്കാരം

**1. എ. സതീഷ് കുമാർ**

1959ൽ തിരുവനന്തപുരം മണക്കാട് സ്വദേശിയായ സതീഷിന്റെ കാർട്ടൂണുകൾ മലയാളത്തിലെ ഒട്ടുമിക്ക പ്രസിദ്ധീകരണങ്ങളിലും ഇന്ത്യൻ എക്സ്പ്രസ്സ് ബിസിനസ്സ് പേജിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എറണാകുളത്ത് എസ് ബി ഐയിൽ ചീഫ് മാനേജരായി സേവനം അനുഷ്ഠിക്കുന്ന അദ്ദേഹത്തിന് അഖിലേന്ത്യാതലത്തിൽ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. **'സുഖമീ യാത്ര'** കാർട്ടൂണിനാണ് പുരസ്കാരം ലഭിച്ചത്.

**2. കാർട്ടൂണിസ്റ്റ് ഉണ്ണികൃഷ്ണൻ**

മാതൃഭൂമി ദിനപത്രത്തിന്റെ കൊച്ചി യൂണിറ്റിലെ ചീഫ് സബ് എഡിറ്ററായി സേവനമനുഷ്ഠിക്കുന്ന ഉണ്ണിക്കൃഷ്ണന് 2014ലെ കേരള ലളിതകലാ അക്കാദമിയുടെ സംസ്ഥാന പുരസ്കാരവും 2007ലും 2010ലും ഓണറബിൾ മെൻഷൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. രാജ്യത്ത് നിരവധി പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹത്തെ തേടി നിരവധി പുരസ്ക്കാരങ്ങളും എത്തിയിട്ടുണ്ട്. 'മാതൃഭൂമി'യിൽ തിങ്കളാഴ്ചകളിലുള്ള പൊളിറ്റിക്കൽ കാർട്ടൂൺ കൂടാതെ ഇംഗ്ലീഷ് ഓൺലൈൻ എഡിഷനിൽ 'കാർട്ടൂൺ കോർണറിലും' വരയ്ക്കുന്നു. 1968ൽ കോട്ടയം ജില്ലയിലെ പാലയിൽ ജനിച്ച അദ്ദേഹം ഇപ്പോൾ തൃപ്പൂണിത്തുറയിൽ താമസിച്ച് കലാപ്രവർത്തനത്തിൽ ഏർപ്പെടുന്നു. **'പുലിപ്പാൽ'** കാർട്ടൂണിനാണ് പുരസ്കാരം ലഭിച്ചത്.

**നേമം പുഷ്പരാജ്**
ചെയർമാൻ

**പൊന്ന്യം ചന്ദ്രൻ**
സെക്രട്ടറി